## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3484

12.12.2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക് | | ഉത്തരം<br>ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജ് നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്നും യഥാസമയം പദ്ധതി നടപ്പാക്കാൻ കഴിയാത്തത് കാരണം എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | കുട്ടനാട് പാക്കേജിലെ അംഗീകാരം ലഭിച്ച പദ്ധതികൾ വിവിധ വകുപ്പുകളുടെ തുടർ സ്കീമുകളിൽ ഉൾപെടുത്തി നടപ്പിലാക്കിവരികയാണ്. പദ്ധതികൾ നിർവഹണ ഘട്ടത്തിലായതിനാൽ നഷ്ടത്തിന്റെ വിശദാംശം ഇപ്പോൾ നല്കാൻ നിർവാഹമില്ല. |
| (ബി) | കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിക്കിട്ടാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഹു മുഖ്യമന്ത്രി 7.10.14 നം 16.10.14 നം കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. ബഹു മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13.11.14 ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്ക അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട് .അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾകൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദേശിച്ചിട്ടുണ്ട്. |
| (സി) | കുട്ടനാട് പാക്കേജിനായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും അതിൽ ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കാമോ; | (സി) | കുട്ടനാട് പാക്കേജിനായി ആകെ അനുവദിച്ച കേന്ദ്ര വിഹിതം 418.76 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 300.79 കോടി രൂപയാണ്. |
| (ഡി) | പദ്ധതിയുടെ എത്ര ശതമാനം വരെ ഉദ്ദേശിച്ച പ്രവർത്തി നടത്താൻ കഴിഞ്ഞു. വിശദമാക്കാമോ? | (ഡി) | അനുബന്ധത്തിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Dept./Agency | Cost Outlay as per MSSRF Report | Projects prepared | Sanctioned | Released | Utilized | അംഗീകാരം ലഭിച്ച തുകയിൽ കൈവരിച്ച നേട്ടത്തിന്റെ ശതമാനം | റിലീസ് ചെയ്ത തുകയിൽ കൈവരിച്ച നേട്ടത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | | Amount (Rs. in crores) | | | | |
| Irrigation | 1518.5 | 1976.015 | 771.8425 | 161.2534 | 147.1197 | 19.06 | 91.24 |
| Agriculture | 188.20 | 157.824 | 131.614 | 78.9033 | 78.2721 | 59.47 | 99.20 |
| SHM | 10 | 14.66 | 9.40725 | 9.32725 | 9.32815 | 99.16 | 100.01 |
| KAU | 13.2 | 21.493 | 21.493 | 21.293 | 16.2522 | 75.62 | 76.33 |
| Animal Husbandry, KLDB | 4.73 | 11.39 | 9.22 | 7.14 | 6.91775 | 75.03 | 96.89 |
| Fisheries, ADAK, MATSYAFED | 4.77 | 4.72 | 4.4 | 2.34 | 2.36 | 53.64 | 100.85 |
| Environment, FIRMA, Forest | 35.5 | 22.5 | 21.79 | 14.134 | 14.104 | 64.73 | 99.79 |
| Tourism | 0.5 | 0.5 | 0.5 | 0.5 | 0.12 | 24.00 | 24.00 |
| 13th FCA | 65 | 300 | 300 | 227.497 | 126.4305 | 42.14 | 55.57 |
| **TOTAL** | **1840.40** | **2509.102** | **1270.267** | **522.388** | **400.904** | **31.56** | **76.74** |

സെക്ഷൻ ഓഫീസർ